പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5026

24/07/2015-ലെ
മറുപടിയ്ക്ക്

## തൊഴിൽ തേടി വിദേശത്തു പോകുന്ന പട്ടികജാതിക്കാർക്ക് ധനസഹായം

| ചോദ്യം<br>ശ്രീ. കെ.എൻ.എ.ഖാദർ | | ഉത്തരം<br>ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | തൊഴിൽ തേടി വിദേശത്തുപോകുവാൻ ആഗ്രഹിക്കുന്ന പട്ടികജാതിക്കാർക്ക് ധന സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര രൂപ വരെ ധനസഹായമായി അനുവദിക്കുന്നുണ്ട്; | അഭ്യസ്ത വിദ്യരും, തൊഴിൽ രഹിതരുമായ പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന്റെ ചെലവുകൾ നേരിടുന്നതിലേയ്ക്കായി 50,000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി 2013-14 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത ധന സഹായത്തിന്റെ മാനദണ്ഡങ്ങളും തിരിച്ചടവും എപ്രകാര മാണെന്നും , ഏത് ഏജൻസിയാണ് സഹായം അനുവദിക്കുന്നതെന്നും വ്യക്തമാക്കുമോ? | 1) വിദേശത്ത് തൊഴിൽ ചെയ്യാൻ താല്പര്യമുള്ള പട്ടികജാതി യുവതി യുവാക്കൾ ആയിരിക്കണം.<br>2) വൈദഗ്ദ്യ ജോലിക്ക് (skill labour) പോകുന്നവർ അവർക്ക് ലഭിച്ചിട്ടുള്ളതും, കൈവശമുള്ളതുമായ സർട്ടിഫിക്കറ്റുകൾ അംഗീകൃത ബോർഡ്, യൂണിവേഴ്സിറ്റി, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ളവ ആയിരിക്കണം.<br>3) അപേക്ഷകർ ഇന്ത്യൻ പാസ്പോർട്ട് ലഭിച്ചിട്ടുള്ളവരായിരിക്കണം.<br>4) വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ചിട്ടുള്ള തൊഴിൽ, കരാർ പത്രം, വിസ എന്നിവ ലഭിച്ചിരിക്കണം. |

| | | |
|---|---|---|
| | | 5) അംഗീകൃത ഏജൻസികൾ വഴി തൊഴിൽ കരാറും വിസയും ലഭ്യമാക്കണം.<br>6) എമിഗ്രേഷൻ ആവശ്യമുള്ള പക്ഷം ആയത് നേടുന്നതിന് നടപടി സ്വീകരിച്ചിരിക്കണം.<br>.7) അവിദഗ്ധ തൊഴിൽ അവസരം തേടുന്നവരെയും പരിഗണിക്കും.<br>8) വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളവരെ ഈ പദ്ധതിപ്രകാരം പരിഗണിക്കും.<br>9)ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഒരു പ്രാവശ്യം മാത്രമേ ആനുകൂല്യത്തിന് അർഹത യുണ്ടായിരിക്കുകയുള്ളൂ.<br>10) അപേക്ഷകർ 20 നും 45 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.<br>11) ഗുണഭോക്താക്കൾ നിയമാനുസൃതമായ പാസ്പോർട്ടിന്റെയും വിസയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷിച്ചാൽ ടിക്കറ്റ് ചാർജ്ജ് ഉൾപ്പെടെ 60% മുൻകൂറായി നൽകുന്നതാണ്. ODEPEC വഴി ടിക്കറ്റ് എടുക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ODEPEC മുഖേന അല്ലാതെ യാത്ര പോകുന്നവർ പ്രസ്തുത സഹായം ലഭിക്കുന്നതിന് അവർ യാത്ര പോകുന്ന തീയതി/ആഴ്ചയിൽ, ആ യാത്രാ നിരക്ക് ODEPEC യുടെ യാത്രാനിരക്കിന് സമാനമാണെന്നതിന് തെളിവ് നൽകേണ്ടതാണ്.<br><br>12) തൊഴിൽ കരാർ പ്രകാരം ഗുണഭോക്താവ് ജോലിയിൽ പ്രവേശിച്ചു എന്നത് സംബന്ധിച്ച രേഖ തൊഴിൽ ദാതാവ് ലഭ്യമാക്കുന്ന മുറയ്ക്ക് ധനസഹായത്തിന്റെ ബാക്കി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതായിരിക്കും. |

| | | | |
|---|---|---|---|
| | | | അർഹതയുള്ള ഗുണഭോക്താവിന് ലഭ്യമാകുന്ന തുക ഗ്രാൻറായി നല്കുന്നതിനാൽ ആയത് തിരിച്ചടയ്ക്കേണ്ടതില്ല. ഈ പദ്ധതി പട്ടികജാതി വികസന വകുപ്പ് നേരിട്ടാണ് ഗുണഭോക്താക്കളെ കണ്ടെത്തി നടപ്പിലാക്കുന്നത്. |
| സി | കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ധന സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | കഴിഞ്ഞ സാമ്പത്തിക വർഷം 201 ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ധന സഹായം അനുവദിച്ചിട്ടുണ്ട്. |

Sali K.J

**സെക്ഷൻ ഓഫീസർ**